(ഇ) 1989-ലെ അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെട്ട റൂട്ടാണ് ഈരാറ്റുപേട്ട-തിരുനെൽവേലി. പ്രസ്തുത കരാർ റദ്ദ് ചെയ്തതിനാൽ ഈ സർവ്വീസ് പുനഃസ്ഥാപിക്കാൻ കഴിയില്ല.

(എഫ്) ഇപ്പോൾ ലഭ്യമല്ല.

നെയ്യാറ്റിൻകര-പയ്യാമ്പലം സൂപ്പർഫാസ്റ്റ് ബസ് സർവ്വീസ് നിറുത്തലാക്കുവാനുണ്ടായ കാരണം

102 [2229] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ നിന്നും കണ്ണൂരിലെ പയ്യാമ്പലത്തേക്ക് വളരെക്കാലമായി നിലവിലുണ്ടായിരുന്ന നെയ്യാറ്റിൻകര-പയ്യാമ്പലം സൂപ്പർഫാസ്റ്റ് ബസ് സർവ്വീസ് എന്ന് മുതലാണ് നിറുത്തലാക്കിയത്;

(ബി) ഇതിന്റെ കാരണമെന്തെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഈ സർവ്വീസ് പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. നെയ്യാറ്റിൻകര-പയ്യാമ്പലം സർവ്വീസ് ഇപ്പോൾ നെയ്യാറ്റിൻകര-കോഴിക്കോട് ആയി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കോഴിക്കോട്-പയ്യാമ്പലം സെക്ടറിലെ വരുമാനം തീരെ കുറവായതിനാലാണ് ഇപ്രകാരം പുനഃക്രമീകരണം വേണ്ടിവന്നത്.

ഡീസലിന്റെ വിലവർദ്ധനമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായ ബാദ്ധ്യത

103 [2230] ശ്രീ. എ. കെ. ബാലൻ:

" എം. വി. ഗോവിന്ദൻ മാസ്റ്റർ:

" സാജു പോൾ:

" കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസലിന്റെ വില വർദ്ധനമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായ അധിക ബാദ്ധ്യത സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) മുൻവർഷം ഡീസൽ ചാർജ്ജ് വർദ്ധനമൂലം കെ.എസ്.ആർ.ടി.സി. ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ പ്രതീക്ഷിച്ചതര അധിക വരുമാനം ലഭിച്ചിരുന്നോ എന്നറിയിക്കാമോ;

(സി) യാത്രക്കാരുടെ മേൽ അധിക ചാർജ് ചുമത്താതെ സർക്കാരിന് ലഭിക്കുന്ന അധിക വരുമാനത്തിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ സഹായിക്കാൻ സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഇപ്പോഴുണ്ടായ വർദ്ധനവ് പ്രകാരം ഉദ്ദേശം മാസത്തിൽ 1.04 കോടി രൂപയുടെ അധിക ചെലവുണ്ടാകും.

(ബി) പ്രതീക്ഷിച്ചത്ര വരുമാന വർദ്ധനവുണ്ടായില്ല.

(സി) പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി. പ്രതിദിനം സർവ്വീസ് നടത്തുന്ന ദൂരം

104 [2231] ശ്രീ. ബിനോയ് വിശ്വം:

„ എം. കുമാരൻ:

„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000, 2001 വർഷങ്ങളിൽ കെ.എസ്.ആർ.ടി.സി. പ്രതിദിനം എത്ര കിലോമീറ്റർ ദൂരം സർവ്വീസ് നടത്തിയിരുന്നു;

(ബി) ഇപ്പോൾ പ്രതിദിനം എത്ര കിലോമീറ്റർ ദൂരം സർവ്വീസ് നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മുൻകാലങ്ങളെ അപേക്ഷിച്ച് പ്രതിദിന സർവ്വീസ് ദൂരത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-ൽ 11,50,647 കിലോമീറ്ററും 2001-ൽ 11,67,265 കിലോമീറ്ററും സർവ്വീസ് നടത്തിയിരുന്നു.

(ബി) 11,23,424 കി. മീറ്റർ.

(സി) ഉണ്ട്. ഡീസൽ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായും നഷ്ടത്തിലുള്ള സർവ്വീസ് ഓപ്പറേഷൻ കുറയ്ക്കുന്നതിന്റെ ഭാഗമായും പ്രതിദിന സർവ്വീസ് ദൂരത്തിൽ കുറവുണ്ടായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പെൻഷൻ പറ്റിയ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ

105 [2232] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പെൻഷൻ പറ്റിയ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാനുള്ള പണം കണ്ടെത്തുവാൻ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly